# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനായുള്ള പ്രവർത്തനങ്ങൾ

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 258 07.02.2018-ൽ മറുപടിക്ക്

ചോദ്യം

ശ്രീ.സി. കെ. ശശീന്ദ്രൻ
ശ്രീ.ജെയിംസ് മാത്യു
ശ്രീ.ആന്റണി ജോൺ
ശ്രീ.യു. ആർ. പ്രദീപ്

ഉത്തരം

പ്രൊഫ: സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) സെക്കണ്ടറി തലത്തിൽ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പ്രകാരം സംസ്ഥാനത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പ്രകാരം സംസ്ഥാനത്ത് നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- 5 കി.മീ ചുറ്റളവിൽ ഹൈസ്കൂളുകളില്ലാത്തയിടങ്ങളിൽ പുതിയ സ്കൂളുകൾ ലഭ്യമാക്കുക
- സ്കൂൾ പ്രവേശനം ഉറപ്പുവരുത്തൽ
- ലിംഗപരവും സാമൂഹ്യവും സാമ്പത്തികവുമായ വിവേചനം കൂടാതെ എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കൽ
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാലയത്തിൽ തടസരഹിത അന്തരീക്ഷം ഒരുക്കുക
- ഗേൾസ് ഹോസ്റ്റൽ, വൊക്കേഷണൽ എഡ്യുക്കേഷൻ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടി ആർ.എം.എസ്.എ യോട് യോജിപ്പിച്ച് ഇന്റഗ്രേറ്റഡ് ആർ.എം.എസ്.എ ആയി പ്രവർത്തിച്ചുവരുന്നു.

സെക്കണ്ടറി തലത്തിൽ ആർ.എം.എസ്.എ നടപ്പാക്കുന്ന ഐഡിയൽ ലാബ് പൊതുവിദ്യാഭ്യാസ യജ്ഞം സംരംഭത്തിന് ഊർജ്ജം പകരുന്ന ഒരു ഹൈടെക് പ്രോജക്ടാണ് . ഇത് ഓരോ കുട്ടിയുടെയും അറിവുകളും കഴിവുകളും ലോക നിലവാരത്തിലേയ്ക്ക് ഉയർത്താൻ ലക്ഷ്യമിടുന്നു.

ആർ.എം.എസ്.എ.സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ഹൈസ്ക്കൂളുകൾക്കും സ്ക്കൂൾ ഗ്രാന്റ് നൽകുന്നുണ്ട്.കൂടാതെ ലാബ് ശാക്തീകരണം, ലൈബ്രറി വികസനം ഹരിതവിദ്യാലയം രൂപപ്പെടുത്തൽ ക്ലാസ്സ് മുറികളുടെ നവീകരണം, പഠ്യാനുബന്ധ പ്രവർത്തനങ്ങൾ, അധ്യാപകപരിശീലനം, തദ്ദേശസ്വയംഭരണ മേധാവികൾക്കുള്ള പരിശീലനം, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് മാനേജ്മെന്റ് പരിശീലനം, പ്രഥമാധ്യാപകർക്ക് നേതൃത്വപരിശീലനം, കുട്ടികളിൽ മാനസികവും ശാരീരികവുമായ പിരിമുറുക്കം കൂടിവരികയാണ് എന്ന് മനസ്സിലാക്കി ആരോഗ്യ-കായികവിദ്യാഭ്യാസത്തിൽ യോഗപരിശീലനം, ഡിജിറ്റൽ പാഠപുസ്തക നിർമ്മാണം, ഓൺലൈൻ അധ്യാപക പരിശീലനവും റിസോഴ്സ് പൂളും, നവപ്രഭ - പരിഹാരബോധനം, ശാസ്ത്രാഭിരുചി വളർത്തുന്നതിനും പ്രതിഭാധനരായ കുട്ടികളെ കണ്ടെത്തി ആവശ്യമായ പ്രോത്സാഹനവും പിന്തുണയും നല്കുന്നതിനുള്ള പദ്ധതിയായ ടാലന്റ് ഹണ്ട് ശാസ്ത്രമേള, കുട്ടികളിൽ സ്വയംസംരംഭകത്വശേഷി വികസനം, പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനം എസ്.എം.ഡി.സി പരിശീലനം എന്നിവ നടപ്പിലാക്കി വരുന്നു.

ബി) പദ്ധതി പ്രകാരം നടത്തി വരുന്ന അധ്യാപക പരിശീലനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

പാഠ്യപദ്ധതി സമീപനങ്ങൾക്ക് അനുസൃതമായി പാഠ്യപദ്ധതി വിനിമയം സാധ്യമാക്കുന്നതിൽ സ്വന്തം കഴിവുകളും പരിമിതികളും തിരിച്ചറിയാനും പഠനപരിമിതികൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കാനും യോജിച്ച വിധത്തിലുള്ള അനുഭവങ്ങൾ ലഭ്യമാക്കൽ, ദൈനംദിന ആസൂത്രണം, സൂക്ഷ്മവും കാര്യക്ഷമവുമാകത്തക്കവിധം വിനിമയ തന്ത്രങ്ങൾ, പഠനസാമഗ്രികളുടെ സൂചനകളോടെ ടീച്ചിംഗ് മാനുവൽ വികസിപ്പിക്കൽ, സമഗ്രവും തുടർച്ചയായതുമായ മൂല്യനിർണ്ണയം വ്യക്തമായി ബോധ്യപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ, ക്ലാസ്സ് റൂം വിനിമയത്തിന് ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം ബോധ്യമാക്കൽ , വിവിധ വിഷയങ്ങളിലെ കാഠിന്യമേഖലകളും അവയുടെ വിനിമയതന്ത്രങ്ങളും പരിചയപ്പെടുത്തൽ, കൗമാരക്കാരായ കുട്ടികളുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ഇടപെടാനുള്ള കഴിവ് വളർത്തൽ, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പഠനാനുഭവങ്ങൾ ഒരുക്കുന്നതിന് അധ്യാപകരെ സജ്ജരാക്കൽ എന്നിവയാണ് ലക്ഷ്യങ്ങൾ.

സി) നവകേരള മിഷന്റെ ഭാഗമായുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ആർ.എം.എസ്.എ. വഴി നടത്തുന്ന ഇടപെടൽ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

സെക്കണ്ടറിതലത്തിൽ ആർ.എം.എസ്.എ മുന്നോട്ടു വെച്ചിട്ടുള്ള പദ്ധതികളെല്ലാം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായാണ് , ഈ അക്കാദമിക വർഷം നടപ്പിലാക്കുന്നത്. ഒൻപതാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് പഠന പിന്നോക്കാവസ്ഥ മറികടക്കുന്നതിനുള്ള 'നവപ്രഭ' പരിഹാരബോധന പരിപാടി, 'എന്റെ മലയാളം' ഭാഷാപോഷണ പദ്ധതി, സ്കൂൾഗ്രാന്റ് വഴിനടപ്പാക്കുന്ന 4 ക്ലാസ്സ് റൂം ലൈബ്രറി, ശാസ്ത്രപ്രതിഭകളെ കണ്ടെത്തുന്നതിനുള്ള സയൻ ബഡീസ് (ടാലന്റ്ഹണ്ട്) ശാസ്ത്രപ്രതിഭാപോഷണ

| | |
|---|---|
| | പരിപാടി, ഐ.ഇ.ഡി വിദ്യാർത്ഥികൾക്ക് ഹോർട്ടികൾച്ചറൽ തെറാപ്പി എന്നിവ നടപ്പിലാക്കിവരുന്നു |
| ഡി) ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠന പിന്തുണയ്ക്കായി ആർ.എം.എസ്.എ. നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | ആർഎ.എസ്എ.യുടെ ഐ.ഇ.ഡി.എസ്.എസ്. (Inclusive Education of the disabled at Secondary Stage) പദ്ധതിയിൻ കീഴിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ പഠനം ഉറപ്പാക്കുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേഷനിൽ ഡിഗ്രി/ഡിപ്ലോമ ഉള്ള 849 റിസോഴ്സ് അധ്യാപകരെ പൊതുവിദ്യാലയങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഈ റിസോഴ്സ് അധ്യാപകർക്കും മറ്റ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന റഗുലർ അധ്യാപകർക്കും കരിക്കുലം അനുരൂപീകരണം, പഠനോപകരണ അനുരൂപീകരണം, പാഠാസൂത്രണം, വിനിമയ മാർഗ്ഗങ്ങൾ എന്നിവയിൽ പരിശീലനം നൽകുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് 40% -ൽ അധികം വൈകല്യമുള്ള കുട്ടികളെ കണ്ടെത്തി ഈ സ്കീമിൽ ഉൾപ്പെടുത്തി പ്രത്യേക സഹായങ്ങൾ നൽകി വരുന്നു. ഗവ:/എയ്ഡഡ് സ്കൂളുകളിലായി 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന 19096 കുട്ടികൾക്കാണ് ആർ.എം.എസ്.എ യിലൂടെ വ്യക്തിഗത സഹായം ലഭ്യമാക്കുന്നത്. ഐ.ഇ.ഡി.എസ്.എസിന്റെ ഭാഗമായി സംസ്ഥാനത്ത് 23 റിസോഴ്സ് സെന്ററുകളും 209 റിസോഴ്സ് റൂമുകളും സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ